# ഗണിതം

## സ്റ്റാൻഡേർഡ് I

### ഭാഗം - 1

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

**2025**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

I

# ഗണിതം

*Prepared by*

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
Second Edition - 2025
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നമുക്കു ചുറ്റുമുള്ള കാര്യങ്ങൾ കൃത്യമായി അറിയാനും മനസ്സിലാക്കാനും ഗണിതം ആവശ്യമാണ്.

എണ്ണലും കൂട്ടലും കുറയ്ക്കലും വരയ്ക്കലും അളക്കലും ഒക്കെ ചേർന്നതാണ് ഗണിതം. സംഖ്യകളും രൂപങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ഇവ ചെയ്യുന്നത്. ശരിയായി ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കാനും പറയാനുമുള്ള കഴിവ് ഗണിതത്തിലൂടെ ലഭിക്കുന്നു.

കൂട്ടായി പ്രവർത്തനങ്ങൾ ചെയ്തും കണ്ടും കേട്ടും ചിന്തിച്ചും അഭിപ്രായങ്ങൾ പറഞ്ഞും നമുക്ക് ഗണിതം രസകരമായി പഠിച്ചു തുടങ്ങാം.

കളികളിലൂടെയും കഥകൾ പറഞ്ഞും പാട്ടു പാടിയും വർണ്ണചിത്രങ്ങൾ വരച്ചും നിറം കൊടുത്തും വഴികൾ കണ്ടെത്തിയും ഗണിതവുമായി നമുക്കു കൂട്ടുകൂടാം.

സ്നേഹത്തോടെ,



**ഡോ. ജയപ്രകാശ്. ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. ഇ. കൃഷ്ണൻ**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചെയർപേഴ്സൺ

**ഡോ. നാരായണനുണ്ണി എം.പി.**
സീനിയർ ലക്ചറർ (റിട്ട.), ഡയറ്റ്, മലപ്പുറം

## വിദഗ്ധർ

**ഡോ. ജയദേവൻ എസ്.കെ.**
സീനിയർ ലക്ചറർ,
ഡയറ്റ്, കണ്ണൂർ

**കെ.ആർ. മുരളീധരൻ പിള്ള**
സീനിയർ ലക്ചറർ (റിട്ട.),
ഡയറ്റ്, കൊല്ലം

**റ്റി. സുരേഷ്**
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, കാസറഗോഡ്

## അംഗങ്ങൾ

**കെ.കെ. സുരേഷ്ബാബു**
റിട്ട. അധ്യാപകൻ,
പാലയാട് സെൻട്രൽ
ജെ.ബി. സ്കൂൾ, പാലയാട്, കണ്ണൂർ

**സജീവൻ സി.വി.**
എൽ.പി.എസ്.എ.
എ.എൽ.പി. സ്കൂൾ, കാരിയിൽ,
ചെറുവത്തൂർ, കാസറഗോഡ്

**സൗദാമിനി കെ.വി.**
പ്രധാനാധ്യാപിക,
ഗവ: എൽ.പി. സ്കൂൾ,
മൈത്താണി, ചെറുവത്തൂർ,
കാസറഗോഡ്

**സി.ജി. ശ്രീകുമാർ**
പ്രധാനാധ്യാപകൻ,
ഗവ: എൽ.പി. സ്കൂൾ,
നെട്ടയം, കൊല്ലം

**വിനയചന്ദ്രൻ കെ.**
എൽ.പി.എസ്.എ.,
ഇസ്സത്തുൽ ഇസ്ലാം എ.എൽ.പി.എസ്.
ചന്തേര, കാസറഗോഡ്

**രാജൻ അപ്യാൽ**
പ്രധാനാധ്യാപകൻ,
ഗവ: എൽ.പി. സ്കൂൾ,
കൊഴുമ്മൽ, കണ്ണൂർ

**ശശിധരൻ വി. പി.**
പ്രധാനാധ്യാപകൻ,
ഗവ: എൽ.പി. സ്കൂൾ,
വൾവക്കാട്, കാസറഗോഡ്

**അനിതാകുമാരി എ.**
പ്രധാനാധ്യാപിക (റിട്ട.),
ഗവ: എൽ.പി. സ്കൂൾ, ശാസ്തമംഗലം,
തിരുവനന്തപുരം

**സുരേഷ് സി.**
അധ്യാപകൻ (റിട്ട.),
ജി.എൽ.പി. സ്കൂൾ,
പരിയാപുരം, മലപ്പുറം

**രജിഷ കെ.**
യു.പി.എസ്.ടി.,
ജി.വി.എച്ച്.എസ്.എസ്.
മടപ്പള്ളി, കോഴിക്കോട്

**ജാബിർ കെ.**
എച്ച്.എസ്.ടി. (ഗണിതം)
ജി.എഫ്.എച്ച്.എസ്.എസ്.
പടന്നക്കടപ്പുറം, കാസറഗോഡ്

**മനുകുമാർ വി.**
എൽ.പി.എസ്.ടി.,
ജി.എം.എൽ.പി.എസ്.,
വേയ്ക്കൽ, കൊല്ലം

**എൻ.റ്റി. രാജീവ്**
ജി.എച്ച്.എസ്.എസ്. തരിയോട്,
വയനാട്

**ശില്പ എസ്. നായർ**
അനിമേറ്റർ, ഇല്ല്യുസ്ട്രേറ്റർ, കൊല്ലം

**അനൂപ് കെ.പി.**
എച്ച്.എസ്.ടി. (ഡ്രോയിംഗ്)
പി.എം.എസ്.എ, പി.ടി.എച്ച്.എസ്.
എസ്. കക്കോവ്, മലപ്പുറം

**സന്തോഷ് വെളിയന്നൂർ**
കോട്ടയം

**സി.എൻ. രാജു**
ആർട്ടിസ്റ്റ് (റിട്ട.) കെ.ബി.പി.എസ്.
എറണാകുളം

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. മീന എസ്.**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി., കേരളം


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


1. വരമേളം ........ 8
2. തിത്തിരിക്കിളിയും ചങ്ങാതിമാരും ........ 22
3. നടന്ന്... നടന്നങ്ങനെ ........ 39
4. ആമിയുടെ പിറന്നാൾ ........ 56
5. പൂക്കാലം വന്നേ... ........ 68

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).





ഞാൻ................................................................................................

.........................................................ക്ലാസിൽ പഠിക്കുന്നു.



എന്റെ അമ്മ :

എന്റെ അച്ഛൻ :

എന്റെ ടീച്ചർ :



എന്റെ വിദ്യാലയം :

ഫോൺ നമ്പർ :

ആധാർ നമ്പർ :




8

# 1

# വരമേളം



## അച്ഛൻ ചുട്ട ദോശ

### ടീച്ചർക്കൊപ്പം പാടാം



ദോശ നല്ല ദോശ
ശീ..ശൂ... ദോശ
വട്ടം വട്ടം ദോശ
ആഹാ നല്ല ദോശ
അച്ഛൻ ചുട്ട ദോശ
അമ്മ വിളമ്പിയ ദോശ
കുഞ്ഞു കുഞ്ഞു ദോശ



### വരയ്ക്കാം.

കുത്തുകളിലൂടെ വരയ്ക്കൂ.



സ്വന്തമായി വരയ്ക്കൂ.

## നിറം കൊടുക്കൂ







## വീടിന് ചുറ്റും



താഴെയുള്ള ചിത്രത്തിനും ഇതേ നിറം കൊടുക്കൂ.



## വരയ്ക്കാം... നിറംകൊടുക്കാം.



## കുത്തുകളിലൂടെ...




കുത്തുകളിലൂടെ വരയ്ക്കാം.
നിറം കൊടുക്കാം.





## അടുത്ത ചിത്രത്തിന് നിറം കൊടുക്കൂ.



മാനസ വരച്ച ചിത്രം നോക്കൂ.

മാനസ വരച്ച ചിത്രത്തിലെ രൂപത്തിന് മാത്രം നിറം കൊടുക്കൂ.



# വാഹനങ്ങൾ

നിറം കൊടുക്കൂ.





# റോബോട്ട്

കുത്തുകളിലൂടെ വരയ്ക്കാം...

നിറം കൊടുക്കാം.



## വരച്ചുചേർക്കാം... നിറം കൊടുക്കാം.



മുകളിലെ ചിത്രം നോക്കൂ.
പട്ടിക്കുട്ടനെ കണ്ടോ ?
ചുവടെയുള്ള ചിത്രത്തിൽ വരയ്ക്കൂ.



# അടുത്തത് വരയ്ക്കാം.

അടുത്തത് വരച്ചുചേർക്കൂ.





## വരയ്ക്കൂ...യോജിപ്പിക്കൂ.

നടുക്കുള്ള രൂപങ്ങളിലേക്ക് അതേ രൂപത്തിലുള്ളവ വരച്ച് യോജിപ്പിക്കൂ.








ഈ രൂപത്തിൽ നിങ്ങൾ കണ്ടിട്ടുള്ള ഒരു ചിത്രം വരയ്ക്കൂ.



# വരികൾ ചേർത്ത് ടീച്ചർക്കൊപ്പം പാടൂ





വട്ടത്തിൽ വട്ടത്തിൽ എന്തുണ്ട്?
വട്ടത്തിൽ വട്ടത്തിൽ ദോശയുണ്ട്
വട്ടത്തിൽ വട്ടത്തിൽ എന്തുണ്ട്?
വട്ടത്തിൽ വട്ടത്തിൽ വളയുണ്ട്




വട്ടത്തിൽ വട്ടത്തിൽ എന്തുണ്ട്?
.................. .................... ....................
.................. .................... ....................
.................. .................... ....................




ചതുരത്തിൽ ചതുരത്തിൽ എന്തുണ്ട്?
ചതുരത്തിൽ ചതുരത്തിൽ പെട്ടിയുണ്ട്
ചതുരത്തിൽ ചതുരത്തിൽ എന്തുണ്ട്?
.................. .................... ..................................




.................. .................... ....................
.................. .................... ....................
.................. .................... ....................
.................. .................... ....................






22

# 2

# തിത്തിരിക്കിളിയും ചങ്ങാതിമാരും




അതാ മരപ്പൊത്തിൽ ഒരു കിളി.
നമുക്കതിനെ അമ്മക്കിളിയുടെ അടുത്ത് എത്തിക്കാം.


കാക്കയും പൂച്ചയും ഒന്നും പിടിക്കാതെ നോക്കണം.
അതെ... ശരിയാ.




കിളിക്കുഞ്ഞിനെ പിടിക്കാൻ
ലാലിപ്പൂച്ച പമ്മി പമ്മി എത്തി.



പൂച്ചയെ ഓടിക്കാൻ അമൽ വടിയുമായി വന്നു.




അവർ തിത്തിരിയെ തേടി നടന്നു.



അലമാരയുടെ
**മുകളിൽ** ഇല്ല.



കട്ടിലിന്റെ
**താഴെ** ഇല്ല.

സോഫയുടെ
**മുന്നിലും**
**പിന്നിലും** ഇല്ല.



**പുറത്ത്** എവിടെയും കാണുന്നില്ല.







നിങ്ങളാണോ
എന്റെ അമ്മ?
അല്ല,
എനിക്ക്
ഒരു കുഞ്ഞേ
ഉള്ളൂ.
1


നിങ്ങളെന്റെ
അമ്മയാണോ?
എനിക്ക്
രണ്ട് മക്കൾ,
നിന്നെപ്പോലെ
അല്ലല്ലോ.
2


ഈ കുഞ്ഞ്
നിന്റേതാണോ?
അല്ലല്ലോ,
എന്റെ മൂന്ന്
മുട്ടകൾ
വിരിഞ്ഞിട്ടില്ല.
3


ഇത് നിന്റെ കുഞ്ഞാണോ?
എനിക്ക് നാല് പേർ. ഈ കുഞ്ഞിനെപ്പോലെ അല്ല എന്റെ മക്കൾ.
4


നിങ്ങളെന്റെ അമ്മയാണോ?
എനിക്ക് അഞ്ച് മക്കൾ. നോക്കൂ... നിന്നെപ്പോലെ ആണോ?
5

ചിത്രത്തിലെ കൂട്ടുകാരെ നോക്കൂ...
ഓരോന്നിന്റെയും എണ്ണം എഴുതൂ.



1



4



5



2



3

| | | | | |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | | | | |

## ടീച്ചർക്കൊപ്പം പാടാം... എഴുതാം...



ഒന്നാം താളിൽ എന്തുണ്ട് ?
ഒന്നാം താളിൽ ഒരു പൂച്ച
ഒന്നേ ഒന്നേ 1





രണ്ടാം താളിൽ എന്തുണ്ട് ?
രണ്ടാം താളിൽ രണ്ടുവണ്ട്
രണ്ടേ രണ്ടേ 2

മൂന്നാം താളിൽ എന്തുണ്ട് ?
മൂന്നാം താളിൽ മൂന്നുമൂങ്ങ
മൂന്നേ മൂന്നേ 3





നാലാം താളിൽ എന്തുണ്ട് ?
നാലാം താളിൽ നാലുനാരങ്ങ
നാലേ നാലേ 4

അഞ്ചാം താളിൽ എന്തുണ്ട് ?
അഞ്ചാം താളിൽ അഞ്ചുവഞ്ചി
അഞ്ചേ അഞ്ചേ 5



## നോക്കൂ... പറയൂ.

ചിത്രം നോക്കി എന്തൊക്കെ കാര്യങ്ങൾ പറയാം?




## കൂട്ടം കൂട്ടിയാൽ



ചിത്രം നോക്കൂ...പറയൂ... എഴുതൂ...

അമ്മത്താറാവിന്റെ മുന്നിൽ ☐ കുഞ്ഞ്.

പിന്നിൽ ☐ കുഞ്ഞ്.

2 ഉം 3 ഉം 5



2 കുഞ്ഞ് ഒപ്പം നടന്നെത്തി.

ഒന്ന് പിന്നിലായി.

മുന്നിൽ ☐ കുഞ്ഞ്, ഒപ്പം ☐ കുഞ്ഞ്

പിന്നിൽ ഒരു കുഞ്ഞ്.

☐ ഉം ☐ ഉം 1 ഉം കൂടി ☐



അമ്മത്താറാവിന്റെ ഒപ്പം നടന്ന 2 കുഞ്ഞ് മുന്നിലെത്തി.

മുന്നിൽ ☐ കുഞ്ഞ്. പിന്നിൽ ഒരു കുഞ്ഞ്.

☐ ഉം 1 ഉം ചേർന്നാൽ ☐

അമലും ഇമയും തിത്തിരിയും പൂന്തോട്ടത്തിലേക്ക് നടന്നു.



## എണ്ണാം... എഴുതാം.

 ☐  ☐  ☐  ☐  ☐

## ടീച്ചർക്കൊപ്പം പാടാം... എഴുതാം...



ചന്തത്തിൽ ചോപ്പുള്ള
ചെമ്പരത്തി ഒന്ന് ☐



ഓറഞ്ചിൻ നിറമുള്ള
ചെണ്ടുമല്ലി രണ്ട് ☐



മഞ്ഞനിറം ചൂടിവരും
മുക്കുറ്റിപ്പൂ മൂന്ന് ☐



അഴകുള്ള കരിനീല
ശംഖുപുഷ്പം നാല് ☐



വെള്ളത്തിൽ പൊങ്ങിനിൽക്കും
വെള്ളാമ്പൽ അഞ്ച് ☐

## കളിക്കൂട്ടുകാർ







അവൻ തിത്തിരിയെ തൊട്ടുനോക്കി.
'നല്ല മിനുസം' റയാൻ പറഞ്ഞു.

## പാടി രസിക്കാം






ഒന്നെന്നെങ്ങനെ എഴുതാം
ഒന്നെന്നിങ്ങനെ എഴുതാം
വളവും വേണ്ട
തിരിവും വേണ്ട
ചരിവും വേണ്ട
കുനിവും വേണ്ട
കുത്തനെ ഒരു വര
കുറിയ വര
ഒന്നായ് നന്നായ്
ഒന്നായി നിന്നാൽ നന്നായി

-കുഞ്ഞുണ്ണി







## തൊട്ടുനോക്കി എഴുതാം.




മോളേ...
ഇതാ നിന്റെ അമ്മ !
അമ്മേ...

## നിറം കൊടുക്കാം.

എണ്ണം നോക്കി കളത്തിലെ അതേ നിറം കൊടുക്കണേ.

1 2 3 4 5



ഏത് നിറമുള്ളതാണ് കൂടുതൽ ? എത്ര ?

വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യയിലേക്ക് എഴുതൂ.

# 3

# നടന്ന്...
# നടന്നങ്ങനെ...




എന്തൊക്കെയാണ് കാണുന്നത് ?

എത്ര പൂമ്പാറ്റകൾ ? ☐ എത്ര പൂക്കൾ ? ☐

മൂന്നു പൂക്കൾ കൂടുതൽ സന്തോഷത്തിലാണ്.
എന്തുകൊണ്ടായിരിക്കും ?

മിന്നുവും
കിട്ടുവും
കാട്ടിലൂടെ
നടന്നു
തുടങ്ങി.







മരച്ചുവട്ടിലെ സഞ്ചി
മിന്നുവും കിട്ടുവും
തുറന്നു നോക്കി.

**അകത്ത്**
എത്ര ?

**പുറത്ത്**
എത്ര ?

തൊപ്പികൾക്ക്
നിറം നൽകൂ.

കുഞ്ഞനണ്ണാനും
പിങ്കിക്കുരങ്ങും
തൊപ്പികളെടുത്ത്
**മുകളിൽ** കയറി.

## എത്ര തൊപ്പികൾ ?

| | |
|---|---|
| അണ്ണാൻ | |
| മുയൽ | |
| കുരങ്ങ് | |
| മാൻ | |

സഞ്ചിയിൽ ഇപ്പോൾ
എത്ര തൊപ്പികൾ ?
ഒന്നുമില്ല
പൂജ്യം. 0







## ടീച്ചർക്കൊപ്പം പാടാം... എഴുതാം.

### എത്ര മാങ്ങ?

മുറ്റത്തെ മാവിന്മേൽ മാങ്ങ അഞ്ച് [5]

പൂവാലനണ്ണാൻ ഒന്ന് തിന്നു
മാവിന്മേൽ ഇനിയെത്ര ബാക്കിയുണ്ട്? [ ]

കാറ്റടിച്ചപ്പോൾ ഒന്ന് വീണു
മാവിന്മേൽ ഇനിയെത്ര ബാക്കിയുണ്ട്? [ ]

കാക്കമ്മ വന്നൊന്ന് കൊത്തിത്തിന്നു
മാവിന്മേൽ ഇനിയെത്ര ബാക്കിയുണ്ട്? [ ]

അമ്മു എറിഞ്ഞപ്പോൾ ഒന്നുവീണു
മാവിന്മേൽ ഇനിയെത്ര ബാക്കിയുണ്ട്? [ ]

അപ്പു വന്നൊന്ന് പറിച്ചെടുത്തു
മാവിന്മേൽ ഇനിയെത്ര ബാക്കിയുണ്ട്?

മാവിന്മേൽ മാങ്ങകൾ ഒന്നുമില്ല
ഒന്നുമില്ലെങ്കിൽ പൂജ്യമല്ലോ. [0]










സഞ്ചിയിൽ തൊപ്പികൾ ഒന്നുമില്ല. പൂജ്യം 0

രാമുണ്ണിമാമൻ സങ്കടപ്പെട്ടു.

ഒരേ എണ്ണം കൂട്ടങ്ങളെ വരച്ച് യോജിപ്പിക്കൂ.















പിങ്കി മൂന്ന് തൊപ്പിയും
കിട്ടുമുയൽ
രണ്ടെണ്ണവും
തിരികെക്കൊടുത്തു.
എത്ര തൊപ്പികൾ
തിരിച്ചു കിട്ടി ?




ഒരു തൊപ്പികൂടി
കിട്ടിയപ്പോൾ
എണ്ണം എത്രയായി?
അഞ്ചും ഒന്നും ആറ്.
**6** തൊപ്പി.




ഇപ്പോൾ തൊപ്പികളുടെ
എണ്ണം
ആറും ഒന്നും ഏഴ്.
**7** തൊപ്പി.
രാമുണ്ണിമാമന്
സന്തോഷമായി.

മിന്നുവും കിട്ടുവും നടത്തം തുടർന്നു.




അവർ നാലുപേരും കൂടി യാത്ര തുടർന്നു.



മിന്നുമാനിന്റെ **മുന്നിൽ** ആര്? ✓ ഇടുക.

മിന്നുമാനിന്റെ **പിന്നിൽ** ആര്? 🙂 വരയ്ക്കുക.




**അവർക്ക് വിശന്നു.**

കുഞ്ഞിക്കിളി
മാമ്പഴം കൊത്തിയിട്ടു.

ഒന്നുവീതം
ഓരോരുത്തരും എടുത്തു.

ബാക്കി എത്ര? ☐

**എങ്ങനെ കണ്ടുപിടിച്ചു?
പറയൂ.**

## വരച്ച് യോജിപ്പിക്കൂ... എണ്ണം എഴുതൂ.

വഴിയരികിൽ കാരറ്റ് വിൽക്കുന്നത് കണ്ടു.




അണ്ണാനും മാനും എടുത്തത് ഏതെല്ലാം?
വരച്ച് യോജിപ്പിക്കൂ. എണ്ണം എഴുതൂ.




അവർ ആരെയൊക്കെ കണ്ടു ? എണ്ണം എഴുതൂ.

 ☐  ☐  ☐

 ☐  ☐  ☐

ഏതാണ് കൂടുതൽ ? ☐ എത്ര എണ്ണം ? ☐

എണ്ണം കുറഞ്ഞതിൽ നിന്ന് കൂടിയതിലേക്ക് ക്രമത്തിലെഴുതൂ.

☐ ☐ ☐ ☐ ☐ ☐

## കുഞ്ഞിക്കിളികൾ



ഇപ്പോൾ എത്ര കുഞ്ഞിക്കിളികൾ ? **8** 8




കുഞ്ഞിക്കിളി അമ്മയുടെ
അടുത്ത് എത്തി.



ഇപ്പോൾ കുഞ്ഞിക്കിളികൾ ഒൻപത്. 9
**9** പേർക്കും സന്തോഷമായി.

ക്രമമായി എഴുതൂ... 6 7 8 9


നിങ്ങൾ
തിരികെയെത്തിയല്ലേ...
ഇത് നോക്കൂ...
മൊബൈൽ
ഫോൺ.
തൊപ്പിക്കാരന്റെ
ആയിരിക്കും.
51

## മൊബൈൽ ഫോൺ ലോക്ക് തുറക്കാം.




ഓരോരുത്തരും അമർത്തിയ നമ്പരിൽ
ചുവപ്പ് നിറം തെളിഞ്ഞു.



എന്റെ മൊബൈൽ ഫോൺ
തുറക്കണമെങ്കിൽ 1 മുതൽ 9 വരെയുള്ള
എല്ലാ നമ്പരിലും അമർത്തണം

ആർക്കായിരിക്കും മൊബൈൽ
തുറക്കാൻ കഴിഞ്ഞത്?

ആ നമ്പരുകൾ ക്രമമായി എഴുതൂ...

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |

മൊബൈൽ ഫോണിൽ ഒരു നമ്പർ കൂടി ഉണ്ടല്ലോ.

ആ നമ്പർ ഏതാണ്?

## ഫോട്ടോ നോക്കൂ.

തൊപ്പിക്കാരന് മൊബൈൽ ഫോൺ തിരിച്ചുകിട്ടി.
മൊബൈൽ ഫോണിൽ എടുത്ത ഫോട്ടോ നോക്കൂ.



ഫോട്ടോയിൽ ആകെ എത്ര പേരുണ്ട്? ☐

ശരിയുത്തരം ടിക് (✓) ചെയ്യുക.

| | | |
|---|---|---|
| 4 കാലുള്ള 4 മൃഗങ്ങൾ ഉണ്ട്. | ശരി | തെറ്റ് |
| പറക്കുന്നവയാണ് കൂടുതൽ ഉള്ളത്. | ശരി | തെറ്റ് |
| പൂമ്പാറ്റയും തത്തയും മറ്റുള്ളവരുടെ മുകളിൽ ആണ്. | ശരി | തെറ്റ് |

മരത്തിൽ ആരാണ് ഒളിച്ചിരിക്കുന്നത്?
1 മുതൽ 9 വരെ തുടർച്ചയായി വരച്ചു യോജിപ്പിക്കൂ.
നിറം കൊടുക്കൂ.




സംഖ്യകൾ വലുതിൽ നിന്ന് ചെറുതിലേയ്ക്ക് ക്രമമായി എഴുതൂ.

| | | | | |
|---|---|---|---|---|
| 9 | | | | |
| | | | | |

## ഒന്ന് കൂടുതൽ

പൂക്കൾക്ക് നിറം കൊടുക്കണം. മഞ്ഞപ്പൂക്കളേക്കാൾ ഒന്നു കൂടുതൽ ആയിരിക്കണം ചുവന്ന പൂക്കൾ.



**നാലെണ്ണത്തിന് നിറം കൊടുക്കൂ.**



നിറമുള്ളത് എത്ര ? നിറമില്ലാത്തത് എത്ര ?

**അഞ്ച് മുയലുകളെ ഒരു കൂട്ടിലാക്കൂ.**



കൂട്ടിന് അകത്ത് എത്ര ? പുറത്ത് എത്ര ?

**രണ്ട് പന്തുകൾ ഒരു പെട്ടിയിലാക്കൂ.**



അകത്ത് എത്ര ? പുറത്ത് എത്ര ?

**മൂന്ന് പൂമ്പാറ്റകളെ ഒരു വട്ടത്തിനകത്താക്കൂ.**



അകത്ത് എത്ര ? പുറത്ത് എത്ര ?



# 4 ആമിയുടെ പിറന്നാൾ




**ആഗസ്റ്റ് 10**

ഇന്നാണ് ആമിയുടെ പിറന്നാൾ.
ഒരുക്കങ്ങൾ തുടങ്ങി.

## ക്ലാസ്മുറി അലങ്കരിക്കാം.




ക്ലാസ്മുറിയിൽ 9 പേരുണ്ടായിരുന്നു.

ആമി കൂടി എത്തിയപ്പോൾ പത്ത് പേരായി.

9-ഉം 1-ഉം പത്ത് 10




അഹാൻ കൂടി വന്നു.
ഇപ്പോൾ എത്ര പേരായി?

10-ഉം 1-ഉം പതിനൊന്ന് 11

## ആശംസാകാർഡുകൾ

ആശംസാകാർഡുകളുമായി കൂട്ടുകാർ വരിയായി നിന്നു.



വരിയിൽ എത്ര പേരുണ്ട് ? ☐

മുന്നിൽനിന്ന് എത്രാമത്തെ കുട്ടിയാണ് മിഴി ? ☐ -ാമത്തെ




മേശപ്പുറത്ത് എത്രയെണ്ണം ? ☐

രണ്ടെണ്ണംകൂടി മുറിച്ചെടുത്തപ്പോൾ

10-ഉം 2-ഉം പന്ത്രണ്ട് **12** 12

## പിറന്നാൾ ആശംസകൾ




ഒട്ടിക്കാനുള്ള 3 എണ്ണം
നിങ്ങൾ വരച്ചു ചേർക്കൂ.
വട്ടത്തിനുള്ളിൽ നമ്പർ എഴുതൂ.

| | | |
|---|---|---|
| തോരണത്തിൽ ഒട്ടിച്ച കാർഡുകൾ | ☐ | എണ്ണം. |
| വരച്ചുചേർത്തത് | ☐ | എണ്ണം. |
| 10-ഉം 3-ഉം പതിമൂന്ന് 13 | 13 | |

1 മുതൽ 13 വരെയുള്ള സംഖ്യകൾ തുടർച്ചയായി എഴുതൂ.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |



## മെഴുകുതിരി കത്തിക്കാം.






പെട്ടിയിലെ മെഴുകുതിരി ☐ എണ്ണം.

പുറത്ത് ☐ എണ്ണം.

10-ഉം 4-ഉം പതിനാല് 14 ☐ 14

## പിറന്നാൾ കേക്ക്





ആകെ എത്ര പേർ ഉണ്ട്? ☐

പാത്രത്തിലെ കേക്ക് കഷണങ്ങൾ എത്ര? ☐

എത്ര കഷണം കൂടി ഉണ്ടെങ്കിൽ എല്ലാവർക്കും കൊടുക്കാം? ☐

10-ഉം 5-ഉം പതിനഞ്ച് 15 ☐ 15

## നൃത്തം

അവർ പൂക്കളുടെ മുഖംമൂടി അണിഞ്ഞു.
കലാപരിപാടികൾക്കായി ഒരുങ്ങി.







എല്ലാവർക്കും ഇടാൻ മുഖംമൂടി ഉണ്ടോ ? | ഉണ്ട് | ഇല്ല |

എത്ര പൂക്കൾ ? ☐

എത്ര എണ്ണം കൂടി വേണം ? ☐

10-ഉം 6-ഉം പതിനാറ് 16 ☐ 16

## കൂട്ടുകാർക്കുള്ള സമ്മാനം






10-ഉം 7-ഉം പതിനേഴ് 17 ☐ 17



10-ഉം 8-ഉം പതിനെട്ട് 18 18



10-ഉം 9-ഉം പത്തൊമ്പത് 19 19

## ഐസ്ക്രീം

ആമിയുടെ അമ്മ ഐസ്ക്രീമുമായി എത്തി.



ആദ്യത്തെ പെട്ടിയിൽ എത്ര കപ്പ് ഐസ്ക്രീം ?

രണ്ടാമത്തെ പെട്ടിയിൽ എത്ര കപ്പ് ഐസ്ക്രീം ?

ആകെ എത്ര കപ്പ് ഐസ്ക്രീം ?

10-ഉം 10-ഉം ഇരുപത് 20 20





**ടീച്ചർക്കൊപ്പം**
**ചേർന്നു പാടാം...**
**ചേർത്തു പാടാം...**

അത്തിമരക്കൊമ്പിലതാ
പത്തു പനന്തത്തകൾ
അത്തിപ്പഴം കൊത്തിത്തിന്നാൻ
ഒന്നുകൂടി വന്നു.
അത്തിമരക്കൊമ്പിലിപ്പോൾ
എത്ര പനന്തത്തകൾ ?

അത്തിമരക്കൊമ്പിൽ
പതിനൊന്നു പനന്തത്തകൾ
അത്തിപ്പഴം കൊത്തിത്തിന്നാൻ
ഒന്നുകൂടി വന്നു
അത്തിമരക്കൊമ്പിലിപ്പോൾ
എത്ര പനന്തത്തകൾ ?



10 ഉം 1 ഉം 11

11 ഉം 1 ഉം 12

12 ഉം 1 ഉം 13

13 ഉം 1 ഉം ___

___ ഉം 1 ഉം 15

15 ഉം ___ ഉം ___

___ ഉം ___ ഉം ___

___ ഉം ___ ഉം ___

___ ഉം ___ ഉം ___

___ ഉം 1 ഉം 20

## ഒളിഞ്ഞിരിക്കുന്നതാര്?

1 മുതൽ 20 വരെ കുത്തുകൾ യോജിപ്പിച്ചു നോക്കൂ ആമിക്ക് കിട്ടിയ പിറന്നാൾ സമ്മാനം കണ്ടുപിടിക്കൂ...നിറം കൊടുക്കൂ.




## കളം നിറച്ച് കളിക്കാം

1, 2, 3, 4 എന്നീ സംഖ്യകൾ ഓരോ വരിയിലും നിരയിലും വരുന്നവിധം പൂരിപ്പിക്കുക.

| | | | |
|---|---|---|---|
| 1 | | | |
| 3 | 4 | | 2 |
| | 3 | 2 | |
| 2 | | | 4 |

## നിറം കൊടുക്കൂ.

സംഖ്യകൾ കണ്ടില്ലേ? അത്രയും കളത്തിൽ നിറം കൊടുക്കൂ.

15

17

16

18

20

19

സംഖ്യകളെ ചെറുതിൽനിന്ന് വലുത്
എന്ന ക്രമത്തിൽ എഴുതൂ.

| | | | | | |
|---|---|---|---|---|---|
| | | 17 | | | |



5

# പൂക്കാലം വന്നേ...



അത്തം പത്തിനു പൊന്നോണം.
പൂക്കളം ഒരുക്കണം.


ഇത്തവണ ഓണം മുത്തശ്ശിയോടൊപ്പം ആയാലോ ?
കൊള്ളാം.
ഹായ്! നല്ല രസമായിരിക്കും.
OMG!


മക്കള് വന്നല്ലോ...
മുത്തശ്ശീ...

## പൂക്കളമിടാം.

പൂക്കളമിടാൻ നീരവും നിയയും മുത്തശ്ശിയും പൂക്കൾ കൊണ്ടുവന്നു.



## എണ്ണി എഴുതൂ.



| നീരവ് | | നിയ | | മുത്തശ്ശി | |
|---|---|---|---|---|---|
| ശംഖുപുഷ്പം | | ശംഖുപുഷ്പം | | മുല്ല | |
| റോസ് | | റോസ് | | വാടാമല്ലി | |
| മുല്ല | | വാടാമല്ലി | | ജമന്തി | |
| ജമന്തി | | | | | |

ഓരോ ഇനം പൂക്കളും അവർ പ്രത്യേകം കൂടയിലാക്കി.
ഓരോന്നും എത്രയാണ് ?



**റോസ്**

നീരവ് കൊണ്ടുവന്നത് ☐

നിയ കൊണ്ടുവന്നത് ☐

മൂന്നും ഒന്നും നാല്
3-ഉം 1-ഉം 4

3 + 1 = 4

രണ്ടുപേരുടെയും പൂക്കൾ കൂട്ടിയാൽ 4



**ജമന്തി**

നീരവ് കൊണ്ടുവന്നത് ☐

മുത്തശ്ശി കൊണ്ടുവന്നത് ☐

മൂന്നും രണ്ടും അഞ്ച്
3-ഉം 2-ഉം 5

3 + 2 = ☐



**വാടാമല്ലി**

നിയ കൊണ്ടുവന്നത് ☐

മുത്തശ്ശി കൊണ്ടുവന്നത് ☐

ആറും മൂന്നും ഒൻപത്
6-ഉം 3-ഉം 9

6 + 3 = ☐



**മുല്ല**

നീരവ് കൊണ്ടുവന്നത് ☐

മുത്തശ്ശി കൊണ്ടുവന്നത് ☐

അഞ്ചും അഞ്ചും പത്ത് 10
5-ഉം 5-ഉം

മുല്ല ആകെ എത്രയാണ് ? ☐ $5 + 5 =$ ☐



**ശംഖുപുഷ്പം**

നീരവ് കൊണ്ടുവന്നത് ☐

നിയ കൊണ്ടുവന്നത് ☐

നാലും ആറും പത്ത് 10
4-ഉം 6-ഉം

രണ്ടുപേരുടെയും പൂക്കൾ കൂട്ടിയാൽ
ആകെ എത്ര എണ്ണം? $4 + 6 =$ ☐



സദ്യ ഉണ്ണാൻ റയാനും എത്തി. ഗ്ലാസ് എണ്ണിയെടുക്കാൻ അവനും സഹായിച്ചു.




5-ഉം 1-ഉം ☐     5 + 1 = ☐



നീരവ് എടുത്തത് ☐     നിയ എടുത്തത് ☐

ഗ്ലാസുകൾ ○ + ○ = ○

നീരവ് 2 ഗ്ലാസ് നിയയ്ക്ക് കൊടുത്തു.

ഇപ്പോൾ നീരവിന്റെ കൈയിൽ ☐ ഗ്ലാസ്

നിയയുടെ കൈയിൽ ☐ ഗ്ലാസ്

## വളയിട്ട കൈകൾ

ആകെ എത്ര വളകൾ ?

4 + 4 = ☐




## വളകൾ പല തരത്തിൽ ഇടാം.

2 + 6 = ☐

☐ + ☐ = ☐

☐ + ☐ = ☐

## സദ്യയുടെ ഒരുക്കങ്ങൾ

സദ്യയ്ക്ക് ബന്ധുക്കളും
അയൽക്കാരും എത്തി.






നീരവ് എടുത്ത ഇലകൾ

☐



നിയ എടുത്ത ഇലകൾ

☐

ആകെ ◯ + ◯ = ◯

## നിയയുടെ പാട്ട്







പൂവിലിരിക്കും വണ്ട് മുരണ്ടു
ഒന്നും ഒന്നും രണ്ടാണ്
ഉണ്ടക്കണ്ണൻ ഞണ്ടു പറഞ്ഞു
രണ്ടും രണ്ടും നാലല്ലോ
പൊത്തിലിരിക്കും നത്തുകൾ മൂളി
മൂന്നും മൂന്നും ആറെന്ന്
ഓലഞ്ഞാലിക്കിളികൾ പാടി
നാലും നാലും എട്ടാണേ
പഞ്ചവർണ്ണത്തത്ത കൊഞ്ചി
അഞ്ചും അഞ്ചും പത്തെന്ന്







**സദ്യ കഴിഞ്ഞ് അവർ മുറ്റത്തിറങ്ങി കിളികളെ കണ്ടു.**



എത്ര കിളികളാണ് മരക്കൊമ്പിൽ ഉള്ളത് ? ☐

എത്ര കിളികളാണ് താഴെയുള്ളത് ? ☐

ആകെ കിളികൾ എത്രയാണ് ? ☐ + ☐ = ☐

കൊമ്പിലാണോ താഴെയാണോ കൂടുതൽ കിളികൾ ? ☐

എത്ര കൂടുതൽ ? ☐



നാല് കിളികളിൽ നിന്ന്
രണ്ട് കിളികൾ പറന്നുപോയി.
ബാക്കി എത്ര കിളികൾ?

$4 - 2 = \square$

മരക്കൊമ്പിൽ
എത്ര കിളികൾ? $\square$

---



പൂക്കളുടെ എണ്ണം $\square$

നിയ എടുത്തത്? 4

ബാക്കി
വന്നത്? $\square$

$\square - \square = \square$



ആകെ ബലൂൺ? ☐

നീരവ് നാല് ബലൂൺ വാങ്ങി

ബാക്കി എത്ര ബലൂൺ?

☐ - 4 = ☐






സംഘഗാനത്തിൽ പങ്കെടുക്കേണ്ടവർ? 7 പേർ

എത്തിച്ചേർന്നത്? 5 പേർ

ഇനി വരാനുള്ളവർ?

☐ - ☐ = ☐

## ക്ലബ്ബിലെ ഓണാഘോഷം

ഓരോ തവണയും പാട്ട് നിർത്തുമ്പോൾ 2 കസേര മാറ്റണം.




മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ☐

കസേരകളുടെ എണ്ണം ☐

ഒന്നാം വട്ടം പാട്ടു നിർത്തി 2 പേർ പുറത്തായി.

ബാക്കി എത്ര കുട്ടികൾ ? ☐ എത്ര കസേരകൾ ? ☐

കളി തുടർന്നു. വീണ്ടും 2 പേർ പുറത്തായി.

ബാക്കി എത്ര കുട്ടികൾ ? ☐ എത്ര കസേരകൾ ? ☐

മൂന്നാമതും 2 പേർ പുറത്തായി.

ബാക്കി എത്ര കുട്ടികൾ ? ☐ എത്ര കസേരകൾ ? ☐

നാലാം വട്ടം പാട്ടു നിർത്തി 2 പേർ പുറത്തായി.

ബാക്കി എത്ര കുട്ടികൾ ? ☐

നിയയുടെ മാലയിൽ 9 മുത്തുകൾ.
നീരവിന്റെ മാലയിൽ 5 മുത്തുകൾ.




ആകെ 10ഉം 4ഉം 14

---

മാലയിലെ മുത്തുകൾ നോക്കൂ



ഒന്നാമത്തെ മാലയിൽ ☐

രണ്ടാമത്തെ മാലയിൽ ☐

7 മുത്തിൽ നിന്ന് 2 മുത്തെടുത്ത് 8 നോട് ചേർത്തു.

ഇപ്പോൾ ഒന്നാമത്തേതിൽ 8 ഉം 2 ഉം ☐

7ൽ നിന്ന് 2 മാറ്റിയപ്പോൾ 5

10 ഉം 5 ഉം ☐

## പത്തുകളാക്കാം, കൂട്ടാം.

ട്രേയിലെ മുട്ടകൾ നോക്കൂ. ആകെ എത്ര മുട്ടകൾ?





ഒന്നാമത്തെ ട്രേയിൽ 10 മുട്ടകൾ ആക്കണം.

രണ്ടാമത്തെ ട്രേയിൽ നിന്ന് എത്ര മുട്ടകൾ എടുക്കണം ?

**7+3 = 10**



**3**



**7+6**

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 7 | + | 3 | + | 3 | = | 10 | + | 3 | = | 13 |

---

9+7 എത്രയാണ്? കളത്തിൽ മുട്ടകൾ വരച്ച് കണ്ടുപിടിക്കൂ.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | + | | + | | = | | + | | = | |

## താറാവുകൾ

കരയിലെ താറാവുകളുടെ എണ്ണം ?

വെള്ളത്തിലെ താറാവുകളുടെ എണ്ണം ?



കരയിലാണോ വെള്ളത്തിലാണോ കൂടുതൽ ?

എത്ര കൂടുതൽ ?







ഇപ്പോൾ വെള്ളത്തിൽ എത്രയാണ് ?

കരയിൽ എത്രയാണ് ?

## മുത്തുകോർക്കൽ മത്സരം.

6 പേർ പങ്കെടുത്തു. ഓരോരുത്തരും കോർത്ത മുത്തുകൾ നോക്കൂ. ആരാണ് കൂടുതൽ മുത്തുകൾ കോർത്തത് ?




ഓരോരുത്തരും കോർത്ത മുത്തുകൾ എത്രയാണ് ?

നിദ ☐ സച്ചു ☐ ദിയ ☐

ജാസ് ☐ മിഴി ☐ നിഹാൽ ☐

ആരാണ് ജയിച്ചത് ? ☐

കിട്ടിയ മുത്തുകളുടെ എണ്ണം വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതൂ...

| | | | | | |
|---|---|---|---|---|---|
| | | | | | |

***ഈ കളി ക്ലാസിൽ കളിക്കൂ...***

## കൂട്ടി നോക്കാം.




കളങ്ങൾ പൂർത്തിയാക്കൂ.




## സമ്മാനദാനം

മത്സരങ്ങളിൽ ജയിച്ചവർക്ക് കൊടുക്കാൻ ട്രോഫികൾ എത്തിച്ചിട്ടുണ്ട്.

എത്ര ട്രോഫികൾ ?



☐ + ☐ = ☐

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***